<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 780. 20.03.2013-ൽ മറുപടിയ്ക്ക്

<u>പി.എച്ച്.സി.കളിലെയും സി.എച്ച്.സി. കളിലെയും സ്റ്റാഫിന്റെ ഒഴിവുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | വൈപ്പിൻ മണ്ഡലത്തിലെ വിവിധ പി.എച്ച്.സി., സി.എച്ച്.സി സർക്കാർ ആശുപത്രികളിലായി ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ; | എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജന്റെ ഒരു ഒഴിവ് നിലവിലുണ്ട്. എന്നാൽ പാരാമെഡിക്കൽ സ്റ്റാഫിന്റെ ഒഴിവുകൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല. സിവിൽ സർജന്റെ തസ്തികയിലെ ഒഴിവ് ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ; ഞാറയ്ക്കൽ സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | ബി) | സ്ഥല സൗകര്യത്തിന്റെയും കിടക്കകളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് പരിഗണിക്കാറുണ്ട്. താലൂക്ക് ആശുപത്രിയിൽ മിനിമം 100 കിടക്കകൾ എങ്കിലും ആവശ്യമാണ്. 20.08.2010 ലെ ജി.ഒ (എം.എസ്) 557/10/ആകുവ പ്രകാരം സി.എച്ച്.സി ആയിരുന്ന ഞാറയ്ക്കലിനെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ